വനമേഖലയുടെ വിസ്തീർണ്ണം

*17 [168] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*

„ *വി. കെ. ചന്ദ്രൻ:*

„ *എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) വനഭൂമി കൈയേറ്റവും വനഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമൂലവും വനഭൂമിയുടെ വിസ്തീർണ്ണം കുറയുവാനിടയായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഏക്കർ വനഭൂമിയാണ് അനധികൃതമായി കൈവശപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) & (ബി) രേഖകൾ പ്രകാരം സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണത്തിൽ കാര്യമായ കുറവുവന്നിട്ടില്ല.

(സി) കൈയേറ്റവും വനേതരാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതുമൂലം വനഭൂമിയുടെ ഭൗതികമായ സ്ഥിതിക്ക് വ്യത്യാസം വരുന്നുണ്ടെങ്കിലും നിയമപരമായ സ്റ്റാറ്റസ്, വനഭൂമിയായി തുടരുന്നതിനാൽ റിസ്തീർണ്ണത്തിൽ വ്യത്യാസം വരുന്നില്ല. വനേതരാവശ്യങ്ങൾക്ക് കൈമാറുന്ന വനഭൂമിയുടെയും റഗുലറൈസ് ചെയ്ത കൈയേറ്റ ഭൂമിയുടെയും നിയമപരമായ സ്റ്റാറ്റസ് വനഭൂമിയായി നിലനിൽക്കുന്നു. ഡിസ്-റിസർവ് ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ കുറവുവരികയുള്ളൂ.

(ഡി) സംസ്ഥാനത്ത് 7290 ഹെക്ടർ ഭൂമി അനധികൃതമായി 1-1-1977-നു ശേഷമുള്ള കൈയേറ്റക്കാരുടെ കൈവശത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly